കൂടതൽ അധികാരങ്ങളുമായി രണ്ടാം പിണറായി

മുഖ്യമന്ത്രി കസേരയിലേക്കുള്ള രണ്ടാം വരവ് ഉറപ്പിച്ച ശേഷം പിണറായി വിജയൻ ആദ്യമായി മാധ്യമങ്ങളെ കാണവെ എടുത്ത് പറഞ്ഞത് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെ'ക്കുറിച്ചായിരുന്നു. ചുമതലയേറ്റിരിക്കുന്ന സർക്കാരിന്റെ പ്രതിജ്ഞാപത്രമെന്താണെന്ന് വ്യക്തമാക്കുന്ന സ്പഷ്ടമായ വാക്കുകൾ. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' നയത്തിലൂടെ കൂടുതൽ കുതിപ്പ് വികസനരംഗത്ത് സാധ്യമാക്കുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് സർക്കാരിന്റെ മുഖ്യപരിഗണനയെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. ലോകബാങ്ക് മുന്നോട്ടുവച്ച സൂചികയായ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' പറയുന്നതിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും ദ്രുതഗതിയിലുള്ള ക്ലിയറൻസ് നടപടികളും കേരളത്തിന്റെ വികസനത്തിനായി ഉറപ്പുവരുത്തുകയാണ് ഈ സർക്കാരിന്റെ പ്രധാനലക്ഷ്യമെന്ന് ആദ്യ വാർത്താ സമ്മേളനത്തിൽ തന്നെ മുഖ്യമന്ത്രി സുവ്യക്തമാക്കിയിരിക്കുകയാണ്. വികസനരംഗത്തുണ്ടാകാൻ പോകുന്ന കുതിപ്പിനെക്കുറിച്ച് പറയുകമാത്രമല്ല, 'സ്വപ്ന പദ്ധതികൾ' അതിവേഗം യാഥാർത്ഥ്യമാക്കാൻ വേണ്ടി മുഖ്യമന്ത്രിയുടെ പൂർണ്ണ നിയന്ത്രണമുള്ള ഒരു പുതിയ 'സൂപ്പർ വകുപ്പ്' രൂപീകരിക്കാൻ പോവുകയും ചെയ്യുകയാണ് പിണറായി വിജയൻ. മുഖ്യമന്ത്രിക്ക് ഏതു വകുപ്പിലെയും പദ്ധതികൾ നേരിട്ട് നിയന്ത്രിക്കാൻ കഴിയുന്നതരത്തിലുള്ള അധികാരങ്ങളാണ് കൈവരാൻ പോകുന്നത്. വകുപ്പ് സെക്രട്ടറിമാർക്ക് മന്ത്രിമാരെ മറികടന്ന് ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് നേരിട്ട് ഫയലുകൾ കൈമാറാം. വിഴിഞ്ഞം തുറമുഖവും, തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ കോറിഡോറും, ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് സംരംഭവും അടക്കമുള്ള വൻ പ്രോജക്ടുകൾ മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലേക്ക് എത്തുകയാണ്. ഈ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് അത്ര സ്പീഡ് പോരാ എന്നതാണല്ലോ മുഖ്യന്റെ പക്ഷം. മാത്രമല്ല, പദ്ധതികൾ ഇഴഞ്ഞുനീങ്ങായിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളത്തിന്റെ റാങ്ക് പിന്നോട്ട് പോവുകയും ചെയ്യുമത്രേ. കൂടതൽ കരുത്തനായാണ് പിണറായി വിജയൻ വീണ്ടുമെത്തുന്നത് എന്ന വിലയിരുത്തൽ മാധ്യമങ്ങളുടെ സ്തുതിവാക്കോ പബ്ലിക് റിലേഷൻസിന്റെ വാഴ്ത്തുപാട്ടോ അല്ല എന്ന് ആദ്യദിനങ്ങളിൽ തന്നെ വ്യക്തമായിരിക്കുന്നു.

മുഖ്യമന്ത്രി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെക്കുറിച്ച് വാചാലനാകുമ്പോൾ മറുവശത്ത് കേരളത്തിന്റെ അതിലോലമായ ഇക്കോസിസ്റ്റം ടൗട്ടേ എന്ന ചുഴലിക്കാറ്റിന്റെ പ്രകമ്പനത്താൽ വിറച്ചുകൊണ്ടിരിക്കുകയായിരുന്നു. അറബിക്കടലിന്റെ കലിതുള്ളലിൽ കേരളതീരത്ത് ഉടനീളം ശക്തമായ തീരശോഷണമുണ്ടായി. നിരവധി മത്സ്യബന്ധന ഗ്രാമങ്ങൾ, വീടുകൾ കടലെടുത്തുപോയി. മാത്രമല്ല, മുഖ്യമന്ത്രി നേരിട്ട് വേഗതകൂട്ടാൻ പോകുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വേണ്ടി അദാനി നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുലിമുട്ടിന്റെ 50 മീറ്ററും കടലുകൊണ്ടുപോയി എന്നാണ് വാർത്തകൾ. കടലെടുത്തുപോകാതെ കാക്കണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ ഏറെക്കാലമായി സമരം ചെയ്യുന്ന ചെല്ലാനത്ത് ദുരന്തത്തിന്റെ ആഘാതം വളരെ വലുതായിരുന്നു. ഒടുവിൽ ചെല്ലാനം നിവാസികളുടെ സങ്കടം കേൾക്കാൻ ചില സർക്കാർ ഏജൻസികളെങ്കിലും ഈ പേമാരിക്കിടയൽ തയ്യാറായപ്പോഴേക്കും നിലത്ത് കാലുകുത്താനാകാത്തവിധം ഒരുപാട് മണൽ ഒഴുകിപ്പോയിക്കഴിഞ്ഞിരുന്നു. ഇത് ചെല്ലാനത്തിന്റെ മാത്രം അവസ്ഥയല്ല. പൂവാർ മുതൽ തലപ്പാടി വരെയുള്ള തീരങ്ങളിൽ അൽപ്പം പോലും കര അവശേഷിപ്പിക്കാതെയാണ് ടൗട്ടേ കലിതുള്ളിപ്പോയത്. കേരളത്തിന്റെ തീരങ്ങൾ സുരക്ഷിതമല്ലെന്ന് മുഖ്യമന്ത്രി തന്നെ ഒടുവിൽ പറയുകയും, ദേശീയ-സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും സഹായം ലഭ്യമാക്കാൻ കഴിയുന്നതരത്തിൽ തീരശോഷണത്തെ ദുരന്തമായി പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തെഴുതുകയും ചെയ്തു. ദുരന്തമുണ്ടായാൽ ഇരകൾക്ക് ധനസഹായം നൽകുക എന്നത് മാത്രമായി സർക്കാരിന്റെ പരിഗണനകൾ ചുരുങ്ങുകയാണ്.

കേരളത്തിന്റെ കടൽത്തീരങ്ങൾ സുരക്ഷിതമല്ലെന്ന് പറയുന്ന മുഖ്യമന്ത്രി എന്തുകൊണ്ടാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയെക്കുറിച്ച് ഒരു പുനരാലോചന നടത്താൻ തയ്യാറാകാത്തത്? 2016ൽ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വേണ്ടി പുലിമുട്ടുകൾ ഇടാൻ തുടങ്ങിയതോടെയാണ് പദ്ധതി പ്രദേശത്തിന് വടക്കുള്ള പൂന്തുറ, വലിയതുറ, ശംഖുമുഖം പ്രദേശങ്ങളിൽ തീരശോഷണം രൂക്ഷമായത് എന്നത് ഇന്ന് ആർക്കും മനസ്സിലാക്കാൻ കഴിയുന്നവിധം പ്രകടമാണ്. വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിൽ അപകടങ്ങൾ പതിവായതും അദാനിയുടെ തുറമുഖ നിർമ്മാണം തുടങ്ങിയ ശേഷമാണ്. അതിനുശേഷം പലപ്പോഴായി നിരവധി മനുഷ്യജീവനുകൾ ഈ ഹാർബറിൽ പൊലിഞ്ഞിട്ടും മുഖ്യമന്ത്രിയും ഇടതു സർക്കാരും എന്തുകൊണ്ടാണ് അദാനിയെക്കുറിച്ച് ഒന്നും മിണ്ടാതിരിക്കുന്നത്?

തിരുവനന്തപുരത്തിന്റെ തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളും സാമൂഹ്യപ്രവർത്തകരും നാളുകളായി ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടും സർക്കാർ തലത്തിൽ ഒരുതരത്തിലുള്ള ഓഡിറ്റിംഗും അദാനി തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല. നിയമസഭയിൽ പോലും വ്യക്തമായ മറുപടി നൽകാൻ കഴിഞ്ഞ അഞ്ച് വർഷവും തുറമുഖ വകുപ്പിന് കഴിഞ്ഞിട്ടുമില്ല. പുതിയ തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ വിഴിഞ്ഞം തുറമുഖം എത്രയും വേഗം യാഥാർത്ഥ്യമാക്കുമെന്ന് ചുമതലയേറ്റയുടൻ ഒരു ധാരണയുമില്ലാത്ത പോലെ പ്രഖ്യാപിക്കുകയും ചെയ്തു.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഇൻഡക്സിൽ ഒന്നാമതെത്താൻ രണ്ടാം പിണറായി സർക്കാർ കുതിക്കുമ്പോഴേക്കും കേരളം ബാക്കിയുണ്ടാകുമോ എന്നതാണ് സംശയം. സിൽവർ ലൈൻ റെയിൽപ്പാത കൂടി അഭിമാന പദ്ധതിയായി ലിസ്റ്റ് ചെയ്യപ്പെട്ടതോടെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഇൻഡക്സിൽ കേരളം വീണ്ടും പിന്നോട്ട് തന്നെ എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മുഖ്യമന്ത്രി കൂടുതൽ അധികാരത്തോടെ ചാർജ്ജെടുത്ത സ്ഥിതിക്ക് 'യതീഷ്ചന്ദ്രമാർക്ക്' ഇനി പണി കൂടാനാണ് സാധ്യത. നിരാലംബരുടെ മുൻകൈയിൽ സമരങ്ങൾ ഒരുപാട് ഉയരുമെന്നുതന്നെ പ്രതീക്ഷിക്കാം. ■